# ദൈവഭയം – യഹോവഭക്തൻ

## സങ്കീർത്തനം 25:12

"യഹോവഭക്തനായ പുരുഷൻ ആർ അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവനു കാണിച്ചു കൊടുക്കും."

യഹോവഭക്തൻ അഥവാ ദൈവഭയമുള്ള പുരുഷൻ ആരാണ് എന്നതാണല്ലോ പ്രസ്തുത വാക്യത്തിന്റെ ആദ്യഭാഗത്ത് സങ്കീർത്തകൻ ചോദിക്കുന്നത്. ദൈവത്തോടുള്ള യഥാർത്ഥ സ്നേഹമാണ് ദൈവഭയം. ദൈവം ആരാണെന്നും, അവൻ നമ്മുടെ ജീവിതത്തിൽ ചെയ്ത വൻ കാര്യങ്ങളെയോർത്ത് ദൈവത്തിന് മഹത്വവും ആദരവും കൊടുക്കുന്ന ഒരു വ്യക്തിയാണ് യഹോവഭക്തൻ. അതുകൊണ്ട് ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ആദരിക്കുകയും തന്റെ ജീവിതത്തെ ദൈവഹിത പ്രകാരം ക്രമപ്പെടുത്തുകയും ചെയ്യും. ഇങ്ങനെയുള്ളവർ ദൈവകല്പന പ്രമാണിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുകയും ചെയ്യും.

ഇപ്രകാരം യഹോവഭക്തനായ ഒരുവന്റെ ജീവിതത്തിൽ ലഭിക്കുന്ന അനുഗ്രഹത്തെ പ്പറ്റിയാണ് ഈ വാക്യത്തിന്റെ രണ്ടാംഭാഗം പ്രസ്താവിക്കുന്നത്. അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവനു കാണിച്ചുകൊടുക്കും.

ജീവിതത്തിന്റെ പല മേഖലകളിലും, ശരിയായ വഴി തിരഞ്ഞെടുക്കുവാനും, തീരുമാനങ്ങൾ എടുക്കുന്നതിനും ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുള്ളവരാണ് നാം. എന്നാൽ വചനം ഇവിടെ ഉറപ്പു തരുന്നു, യഹോവഭക്തനായ മനുഷ്യന്, അവന്റെ വഴികളെ തിരഞ്ഞെടുക്കുന്നത് ദൈവം തന്നെയാണെന്ന്. ദൈവത്താൽ നയിക്കപ്പെടുക എന്നത് എത്രയോ ഭാഗ്യകരമായ അവസ്ഥയാണ്. മാനുഷിക ബുദ്ധിയിൽ നാം എടുക്കുന്ന തീരുമാനങ്ങളും, വഴികളും പലപ്പോഴും തെറ്റാൻ സാദ്ധ്യതയുണ്ട്. എന്നാൽ ദൈവം തിരഞ്ഞെടുക്കുന്ന, പഠിപ്പിച്ചു തരുന്ന വഴികളും, പാഠങ്ങളും ഒരിക്കലും തെറ്റുന്നില്ല. അവൻ സർവ്വജ്ഞാനിയും സകലത്തിന്റെയും സൃഷ്ടാവും ഉടയവനുമല്ലോ.

യഹോവഭക്തനായ ഒരു വ്യക്തിക്ക്, ദൈവം ഒരുക്കിയിരിക്കുന്ന മറ്റു ചില അനുഗ്രഹങ്ങളും വചനം നമുക്ക് വ്യക്തമാക്കിത്തരുന്നു.

സങ്കീർത്തനം 25:13 അവൻ സുഖത്തോടെ വസിക്കും, അവന്റെ സന്തതി ദേശത്തെ കൈവശമാക്കും.

ലോകം തരുന്ന സമൃദ്ധിയും സുഖങ്ങളും താല്ക്കാലികമാണ്. എന്നാൽ യഹോവഭക്തന് ദൈവം ഒരുക്കുന്ന സമൃദ്ധി നിത്യമായതാണ്. അപ്രകാരം ദൈവഭയത്തിലും നീതിയിലും

ജീവിച്ച ഒരു വ്യക്തിയായിരുന്നു യോസഫ് – അതുകൊണ്ടാണ് യോസഫ് ഫലപ്രദമായ ഒരു വൃക്ഷംപോലെ സകലർക്കും അനുഗ്രഹമായി മാറിയത് (ഉല്പത്തി 49:22).

യഹോവഭക്തൻ സമൃദ്ധിയിൽ വസിക്കുന്നതോടൊപ്പം തന്നെ അവന്റെ സന്തതിയും അനുഗ്രഹിക്കപ്പെടുമെന്ന് വചനം നമ്മെ ഓർപ്പിക്കുന്നു. ദൈവഭയത്തിൽ ജീവിച്ച് ദൈവ സ്നേഹത്തിൽ കഴിയുന്ന മാതാപിതാക്കളുടെ മക്കളും, ദൈവഭയമുള്ളവരായി ജീവിക്കുവാനിടയാകും.

സങ്കീർത്തനം 111:05 : തന്റെ ഭക്തന്മാർക്ക് ആഹാരം കൊടുക്കുന്നു.

സങ്കീർത്തനം 34:09 : അവന്റെ ഭക്തന്മാർക്ക് ഒന്നിനും മുട്ടില്ലല്ലോ.

സദൃശ്യവാക്യം 8:03 : യഹോവഭക്തി ദോഷത്തെ വെറുക്കുന്നു.

സദൃശ്യവാക്യം 10:27 : യഹോവഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു.

സദൃശ്യവാക്യം 9:10, 1:7 : യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.

യഹോവഭക്തനായ ഒരു വ്യക്തിയ്ക്ക് ദൈവാത്മാവിനാൽ ലഭിക്കുന്ന സ്വഭാവ സവിശേഷതകളാണ് പരിജ്ഞാനവും വിവേകവും.

സങ്കീർത്തനം 34:7 : യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.

സദൃശ്യവാക്യം 14:27 : യഹോവഭക്തി ജീവന്റെ ഉറവാകുന്നു

സദൃശ്യവാക്യം 14:26 : യഹോവഭക്തനു ദൃഢധൈര്യം ഉണ്ട്. അവന്റെ മക്കൾക്കും ശരണം ഉണ്ടാകും.

യഹോവഭക്തർക്ക് ദൈവം തന്റെ വചനത്തിൽ നൽകിയിരിക്കുന്ന വാഗ്ദത്തങ്ങളെ നാം കണ്ടുവല്ലോ.

നമ്മുടെ ജീവിതങ്ങളെതന്നെ ഒന്നു ശോധന ചെയ്യാം. സ്വന്ത പുത്രനെ തന്നു നമ്മെ സ്നേഹിച്ചു വീണ്ടെടുത്ത ദൈവത്തിനെ നാം സ്നേഹിക്കുന്നുണ്ടോ. അതിനു വീഴ്ച വന്നിട്ടുണ്ടെങ്കിൽ നമ്മുടെ ജീവിതങ്ങളെ കർത്താവിനു സമർപ്പിക്കാം. പരിശുദ്ധാത്മാവിനാൽ ദൈവവചനം അനുസരിച്ച് ദൈവഭയത്തോടും, ഭക്തിയോടും ജീവിക്കാൻ നമ്മെ ഏൽപ്പിച്ചുകൊടുക്കാം. അതിനാൽ ഒരു യഹോവഭക്തനു ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും നമുക്ക് പ്രാപിക്കാം.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 029**